some excuses. That apart, Sir, since the Hon'ble Member has on my enquiry been pleased to give an assurance.. .. ..

Rao Sahib M. M. Paul *(Director of Food Supplies):* Even before.

Mr. P. Kumaran Ezhuthassan *(Vadakkuncheri):* But it did not start from the other side. On my enquiry it has been vouchsafed that better attention will be paid. We will give time and watch and see whether they act up to their promise. So I request the leave of the House to withdraw the motion.

Cut motion, by leave, withdrawn

The House rose for lunch at 1-32 p.m. and reassembled at 2-30 p.m. with the Panel Chairman Mr. P. M. Mayankutty in the Chair

CUT MTION No. 27.

Defects in the working of the Food Supply Department

Mr. K. S. Panicker *(Ezhuvas-Trichur):* The motion standing in my name is "To reduce the allotment of Rs. 4,06,893 for miscellaneous (a) Food Supplies Establishment in Demand No. 39 by Re. 1."

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ക്ഷേ്യവിജനവകുപ്പിന്റെ ഭരണത്തിലുള്ള ന്യൂനതകളെ ചൂണ്ടിക്കാണിപ്പാനും കാര്യക്ഷമമായ നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനും ഒരു ഡിസ്ക്കഷൻ നടത്തുവാൻ വേണ്ടിയാണ് ഞാൻ ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നത്. ഇന്നുകാലത്തു് ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ പറഞ്ഞതുപോലെ ക്ഷേ്യവകുപ്പിന്റെ ഭരണം വളരെ വിഷമമേറിയ ഒരു കാര്യമാണെന്നു് ഏവർക്കും സമ്മതിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല. വളരെ മിതമായും മറ്റും കിടക്കുന്ന ഒരു വകുപ്പിന്റെ ഭരണം ഇത്ര ഭംഗിയായ നിലയിൽ നടത്തിക്കൊണ്ടുപോന്നതിൽ വകുപ്പദ്ധ്യക്ഷനെ അനുമോദിക്കണം. പക്ഷെ, അതെസമയത്തുതന്നെ ഇദ്ദേഹത്തേക്കാൾ കാര്യക്ഷമതയുള്ള വേറെയൊരു ഉദ്യോഗസ്ഥനെ ആ സ്ഥാനത്തു വെക്കേണ്ടതിന്റെ ആവശ്യകതയെ ഗവർമ്മെണ്ടിനെ അറിയിക്കുകയും വേണം.

ആദ്യമായി ക്ഷേണകാര്യത്തെപ്പറ്റി പറയുമ്പോൾ കൊയ്ത്തിന്റെ കാര്യംമുതൽക്കു് പറയാം. അവനവന്റെ കാരണവന്മാർ പണംകൊടുത്തു വാങ്ങിയ നിലത്തിൽ കൃഷിചെയ്തു് ഉണ്ടാക്കുന്ന നെല്ലിന്റെ കാര്യത്തിലുള്ള ബുദ്ധിമുട്ടിനെക്കുറിച്ചു് ഗവർമ്മെണ്ടു് ഒന്നുംതന്നെ അറിയുന്നില്ല. ഏതു വിധത്തിലായാലും അവർ കഷ്ടപ്പെട്ടു് വിളവുണ്ടാക്കിയാലും ശരി കൊയ്യണമെന്നുണ്ടെങ്കിൽ ഗവർമ്മെണ്ടിന്റെ അനുമതിക്കുടാതെ നിവൃത്തിയില്ല. അതു ഈ റേഷൻപദ്ധതി നടപ്പിലാക്കിയതുമുതൽ കൂടാതെ നിവൃത്തിയില്ല. അതു വിജയപ്രദമാകണമെന്നുണ്ടെങ്കിൽ നാട്ടിലുണ്ടാകുന്ന നെല്ലിന്റെ ശരാശരി ഒരു കണക്കു് അല്ലെങ്കിൽ ഏകദേശം ഒരു കണക്കെങ്കിലും ഗവർമ്മെണ്ടു് അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്. അതുകൊണ്ടു് ഇങ്ങിനെയൊരു കല്പന ഗവർമ്മെണ്ടു് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിനെ സ്വാഗതം ചെയ്യുകയാണു് ചെയ്യേണ്ടതു്. എന്നാൽ അതു നടത്തുവാൻ ഏല്പിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ഭരണവൈകല്യങ്ങളെ ആ വകുപ്പദ്ധ്യക്ഷനെ എത്രതന്നെ മനസ്സിലാക്കിയിട്ടും അതു് അദ്ദേഹത്തിനു് മനസ്സിലാകാത്തതിലാണു് അത്ഭുതം. ഒരു ചെറിയ വരമ്പിന്റെ വ്യത്യാസമൊ അല്ലെങ്കിൽ ഒരു വില്ലേജിൽനിന്നു് മറ്റൊരു വില്ലേജിലേക്കു് കടക്കുവാൻ ഒരു ചെറിയ തോടിന്റെ വ്യത്യാസമോ ഉള്ളതായ ഒരു കാര്യത്തിനു് കൊയ്തു വീട്ടിലേക്കു് നെല്ലു കൊണ്ടുപോകണമെന്നുണ്ടെങ്കിൽ പെർമിറ്റു് കിട്ടുവാൻ മാസങ്ങളും കുറെ കഴിയേണ്ടിവരും. മേടമാസത്തിലുള്ള പഞ്ചകൃഷിയും, കോൾകൃഷിയും കൊയ്യുന്നതിനു് ആ കാലത്തു അപേക്ഷിച്ചിട്ടു് ഇപ്പോൾ രണ്ടോ, നാലോ ദിവസങ്ങൾക്കു മുമ്പാണു് കല്പന കിട്ടീട്ടുള്ളതു്. "നിങ്ങൾ ഇന്നമാസം ൨൦-ാംനു- അയച്ച അപേക്ഷപ്രകാരം നെല്ലു് കൊയ്തു എടുക്കുവാൻ അനുവദിച്ചിരിക്കുന്നു. അതിൽ ഇത്ര പറ നെല്ലു് തഹസീൽദാരുടെ പക്കൽകൊടുത്തു ബോദ്ധ്യപ്പെടുത്തികൊള്ളണം" എന്നാണു്. അങ്ങിനെ ഒരു ഓർഡർ അയക്കുന്നതിന്റെ അർത്ഥമെന്താണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഇതെല്ലാം മാമൂൽപ്രകാരം കടലാസ്സിൽ എഴുതി അയക്കുകയെന്നുള്ളതല്ലാതെ വേറെ വിശേഷിച്ചൊന്നും ഞാൻ കാണുന്നില്ല. അങ്ങിനെ ജനങ്ങൾക്കു് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. അനുവാദംകൂടാതെ കൊയ്യുവെന്ന കാര

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ണംപറഞ്ഞു" എതാനും ആളുകളെ പ്രോത്സാഹിപ്പിച്ചു" ചെയ്യുകയും, പലവിധത്തിൽ ബുദ്ധിമുട്ടിക്കുകയും ചെയ്തിട്ടുണ്ടു". അങ്ങിനെയുള്ള വിഷമതകളും കുറിക്കാക്കു" ദൈനംദിനം സീമാതീതമായി വളർന്നു, വളർന്നു വരികയാണു" ചെയ്യുന്നതു". കൊയ്ത്തു കഴിഞ്ഞാൽ നെല്ലു കടത്തികൊണ്ടുപോകുന്നതിനെ സംബന്ധിച്ചു", കന്നിമാസത്തിൽ കൊയ്ത്തു കഴിഞ്ഞു" നെല്ലു" ഒരു താലൂക്കിൽനിന്നും മറെറാരു താലൂക്കിലേക്കു" കൊണ്ടുപോകുന്നതിനു പെർമിറു തരണമെന്നു" പറഞ്ഞു അപേക്ഷ കൊടുത്തിട്ടു" എടവമാസമായിട്ടുകൂടി അതിനു" ഇതുവരെ മറുപടി കിട്ടീട്ടില്ല. റേഷൻകാർഡു" സസ്പെൻറു" ചെയ്തിട്ടുണ്ടു". അപ്പോൾ എങ്ങിനെയാണു" അയാൾ ഇതുവരെയും ജീവിച്ചുവന്നതെന്നു" ചോദിച്ചാൽ ബ്ലേക്കു"മാർക്കറ്റിൽനിന്നും വാങ്ങിയെന്നല്ലാതെ നമുക്കു" വിചാരിക്കുവാൻ നിവൃത്തിയില്ല. അപ്പോൾ ഡിപ്പാർട്ടുമെണ്ടിലെ ഈവക അനാശാസ്യകരമായ ഭരണസമ്പ്രദായംകൊണ്ടു" ബ്ലേക്കു മാർക്കറിന്നു" ഒരു പ്രോത്സാഹനം നല്കുകയാണു" ചെയ്യുന്നതു". ചിലതു" ഇങ്ങിനെയുള്ള സംഗതികളിൽ അവശ്യമാണെന്നിരുന്നാലും, അനാവശ്യങ്ങളായിട്ടുള്ള പല നിബന്ധനകളും ഈ സംഗതിയിലുണ്ടു". വെറുമ്പാട്ടകുടിയാനിൽനിന്നും ഒരു ജന്മിക്കു" കൊടുക്കുവാനുള്ള ഭോഗം ഗവർമ്മെണ്ടിനു കൊടുക്കുകയെന്നുള്ളതല്ലാതെ, ഒരു വെറുമ്പാട്ടകുടിയാനു" അവന്റെ കൃഷി പ്രവൃത്തിക്കുള്ള വക ഒന്നായി കിട്ടുന്ന ഒരവസരത്തിൽ അതു" അധികസമയവും ആ കൃഷിക്കാരനു" ശരിയായി കിട്ടാതെയാണു" ഇന്നത്തെ സമ്പ്രദായംകൊണ്ടു വന്നിരിക്കുന്നതു"—അതുകൂടി ഗവർമ്മെണ്ടിലേക്കു" കൊടുക്കണം. നിയമസഭയിൽ അതിനെപ്പററി ചോദിച്ചാൽ ഞങ്ങൾ അങ്ങിനെ നിർബ്ബന്ധിക്കുന്നില്ലയെന്നൊല്ലാം മുടുപടി പറയും. അങ്ങിനെയുള്ള സാധുക്കളായ ചെറിയ ചെറിയ കൃഷിക്കാരുടെ അറകളും, പെട്ടികളും, കൊട്ടകളും മുറുവെക്കുന്നതായി അനവധി ദൃഷ്ടാന്തങ്ങൾ എന്റെ അനുഭവത്തിലുണ്ടു". ഒന്നോ, രണ്ടോ പറ അരി വീട്ടിലിരിക്കുന്നതുകൊണ്ടു", നെല്ലു" എല്ലാം പുട്ടി മുറുവെച്ചശേഷം പോയിട്ടു കണക്കുനോക്കി കല്പന അയക്കാമെന്നു പറഞ്ഞു" തഹസീൽദാർ പോയി രണ്ടുമാസം കഴിഞ്ഞിട്ടും, ആ നെല്ലു" കൊടുക്കുവാൻ സാധിക്കുന്നില്ലായെന്നു വരികയാണെങ്കിൽ ആ കുടുംബത്തിലെ സ്ഥിതി യെന്തായിരിക്കും? ജനങ്ങളെ പട്ടിണിക്കിട്ടു കൊല്ലുകയാണു" നമ്മുടെ ഭക്ഷ്യവകുപ്പു ചെയ്യുന്നതെന്നു" പറയാതെ തരമില്ല. മറുള്ളവർ കത്തികൊണ്ടും, തോക്കുകൊണ്ടും കൊല്ലുന്നതിനേക്കാൾ കഷ്ടതരമായ ഒരു നിലയാണു" പട്ടിണിക്കിട്ടു കൊല്ലുന്നതു". അറയിലും, പത്തായത്തിലും കിടക്കുന്ന അവരുടെ നെല്ലു" ഉപയോഗിക്കുവാൻ സാധിക്കാത്ത നിലയിൽ കുഞ്ഞുകുട്ടികളോടുകൂടിയ ഒരു കുടുംബത്തെ പട്ടിണിക്കിടണമെന്നു" നിർബ്ബന്ധിക്കുന്ന ഗവർമ്മെണ്ടിന്റെ അനാശാസ്യകരമായ ആ ഭരണസമ്പ്രദായത്തെ വെറുക്കാതെ തരമില്ലാ, അതു ഒരു കാലത്തും സഹിക്കുവുമല്ല. എന്റെ സ്വന്തം അനുഭവത്തിൽ ഒരു വെറുമ്പാട്ടകുടിയാന്റെ കാര്യം പറയാം. ഒരു ജന്മിക്കു" അയാൾ നൂറു പറ നെല്ലു" പാട്ടം കൊടുക്കുവാനുണ്ടു". ആ നെല്ലു" ഗവർമ്മെണ്ടിലേക്കു" കൊടുക്കുവാൻ ആ വെറുമ്പാട്ടകുടിയാൻ ഏറുകഴിഞ്ഞു. ആ ജന്മിയുടെ കല്പന കിട്ടിയാൽ കൊടുക്കാമെന്നും പറഞ്ഞു. വിത്തിനും, ചിലവിനുംകൂടി അയാളുടെ കൈവശം സൂക്ഷിച്ചിരുന്ന ആ നെല്ലു" മുഴവനും ഗവർമ്മെണ്ടിലേക്കു" കൊടുക്കണമെന്നു പറഞ്ഞു കഠിനമായ ഒരു കല്പന അയച്ചിരിക്കുന്നു. വേറെയൊരാളുടെ നിലം പാട്ടത്തിനെടുത്തു", ജന്മിക്കു" കൊടുക്കുവാനുള്ളതു" ഗവർമ്മെണ്ടിനു" കൊടുക്കുവാനും, കൂടാതെ അവന്റെ വിത്തു", വല്ലി മുതലായവയ്ക്കുള്ള നെല്ലുംകൂടി ഗവർമ്മെണ്ടിനു" കൊടുക്കണമെന്നു" നിർബ്ബന്ധിക്കുന്നതു" ഏതു തത്വത്തെ അടിസ്ഥാനമാക്കിയാണെന്നു" മനസ്സിലാകുന്നില്ല.

Mr. Panel Chairman. One minute more.

40. Mr. K. S. Panicker *(Ezhuvas-Trichur):* Sir, the mover can take at least 20 minutes and the others can take at least 10 minutes. The mover has to explain matters clearly and would require more time.

Mr. Panel Chairman. Only one minute more.

മിസ്റ്റർ കെ. എസ്സു". പണിക്കർ : ഇതു" മില്ലിംങ്ങിനു" കൊണ്ടുപോയാൽ ഇതിലും കവിഞ്ഞ ഒരു അക്രമമാണു" അവിടെ നടക്കുന്നതു". ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ അതിവിടെ വിസ്തരിച്ചു കഴിഞ്ഞു. മില്ലിംങ്ങിൽ ഉള്ള വാച്ചുമാനു" മിഥുനമാസംവരെയായിട്ടും ശമ്പളം കൊടുത്തിട്ടില്ല. അതുകാരണം അയാൾക്കു" മില്ലിൽനിന്നു" കിട്ടുന്ന ആദായം കൊണ്ടുവേണം ജീവിക്കുവാൻ. ഇങ്ങിനെയുള്ള വിഷമതകളും ധാരാളം വരുന്നുണ്ടു". നമുക്കുള്ള ഭക്ഷ്യപദാർത്ഥങ്ങളും അന്യരാജ്യങ്ങളിൽനിന്നു" വരുത്തുവാൻ കോടാനുകോടി രൂപയാണു" പ്രത്യേകം ചിലർക്കു" മാത്രമെ കൊടുക്കുന്നുള്ളു. നേരെമറിച്ചു" അഹ്മാരായിട്ടുള്ളവർക്കു"

LIBRARY ARCHIVES Kerala Legislative Assembly

അനുവാദം കൊടുക്കാതെ വരുന്നുണ്ട്. അവർ തൻമൂലം ബ്ലാക്കുമാർക്കറ്റം നടത്തുന്നു. ബ്ലാക്കുമാർക്കറ്റ് നിറുത്തുവാൻ വേണ്ടിയുള്ള യാതൊരു ഏർപ്പാടും ഇതുവരെ ഗവൺമെണ്ടു ചെയ്തിട്ടില്ല. ഈ വിഷയത്തിൽ ഗവൺമെണ്ടിനു യാതൊരു ശ്രദ്ധയുമില്ല. ഇതൊക്കെ നിറുത്തുവാൻ ഗവൺമെണ്ടു കുറെ ആളുകളെ നിയമിച്ചിട്ടുണ്ടെങ്കിലും കായ്മയെ യാതൊന്നും ഇതുവരെ ഈ വിഷയത്തിൽ ഗവൺമെണ്ടു ചെയ്തുകാണുന്നില്ല.

Mr. Panel Chairman. The time is over.

***Mr. P. Kumaran Ezhuthassan** *(Vadakkancheri):* Mr. Chairman, this is a very important subject, Sir, and the cut motion in the present form will be an appropriate motion for pointing out to the Government for their appropriate action, all the defects which are seen to be existing in the working of the Department. Even without a tip emanating from my Hon'ble friend Mr. Ayyappan I am conscious, Sir, that the Head of the Department deserves very considerate consideration at our hands. He is always on the move, he is working himself to even an absured length of time every day and his sincerity is above question. All this will certainly go to his credit. But as shown from the figures in the budget, the subordinates have grown into a battalion, a veritable battalion. Sir, consisting of men of different calibres, of different temperaments, of different status in life, of different attainments, all that contributing to the progression of corruption that some two or three years back began to show its head in the service of the State. I will be only echoing the truth if you will not also mine matters that the Food Department unfortunately because of it situation has become the playground of corruption—in the lower ranks of course, but in the higher ranks also in certain regions not being excepted. That is the position. I am not finding fault with the Honble Member for Food Supplies for not being able to check it. It is impossible to control a battalion like the one that we have. If we can devise means to reduce the number of the battalion, probably he will be able to do something; otherwise it is helpless.

Now, Sir, this question of the Food Supplies Department and the existence of defects have been pointed out in this House on various occassions. The first debate on Food Supplies was had in the year 1119 Vrischigam. Again it was repeated in 1120 Vrischigam and the budget session intervening also, though not a full-dress debate upon this Department, on certain aspects of it, namely the necessity for enhancing the price of paddy had also been taken up. In all these three discussions and through series of questions, all the defects now existing in the working of the Department have come to light. The only question is whether the Department with all its vigilance and all credit to the head of it has been able to check, to control, if not to irradicate the defects. My respectfull submission to this House is that with all the much-talked of co-operation and response that the Honble Member for Food supplies indulged in whenever he was on his legs, nothing has been done, that is the complaint that I want to register. For want of time, I would only mention the defects as I see them. The defects as I see them, Sir, as the Hon'ble Mover of this motion mentioned starts from the every beginning, namely, the cultivation. There is so much of talk, Sir, that we are on a campaign of more food production. More food production can be had in two ways, more land being brought under cultivation and intensive cultivation being resorted to. In either field the record of Cochin is not anything worth mentioning. It is very poor.

Then comes, Sir, the question of the agriculturists, which on another occasion when a question of subsidy to the agriculturists was mentioned here there was a poor show from the Treasury Benches, Sir, to the effect that after all the agriculturists are having a happy life, because some new implements were sought to be given-now it is said some implements are to be given—manure was to be supplied at subsidised rates and cattle to the tune of 600—mind you, Sir—has been arranged to be got down from British India in place of 20,000 that used to be brought down from there in the pre-war days. Is not the Government ashamed to say that this will help the agriculturists? When we take the question of manure, the natural manure in our forest is gone, the Conservator in his enthusiasm, supported by the Diwam of Cochin, for promoting war efforts have almost cleared our forests. Sir, manure is not to be had and with regard to grazing grounds, in answer to a certain question, it was stated that grazing grounds would be located in places where water could be had, as if water is the thing that is required for grazing grounds—not that water is not required. What is required in respect of grazing grounds, you all know and I shall not mention. With regard to fodder for cattle, with regard to implements, in all these things, your record is only poor, Sir.

* Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

Now, at the time of the harvest there is a nuisance by the deputies of the Grain Purchasing Tahsildars, like the Parvathiams and Menons of the Revenue Department. I shall not dwell upon that, Sir. The statement shows the truth of it, and any attempt to deny would be simply to deny their very existence, wherever they are located. The difficulties that an agriculturist has to go through for a small portion of the paddy produced by him for his sustenance is known only to the person who had to undergo that ordeal. Then again, Sir, in the manner of taking of paddy from the agriculturist, there is all the difference that is shown to the rich and the poor. Men in high quarters, the highest of quarters, not mentionable in this House, persons who are connected with such quarters by marriage, they are not touched by the Grain Purchasing Tahsildars, nor are their accounts properly looked into. They write up some false accounts and these accounts are accepted at their face and questions have been put in this House about that, but attempts were then made by the Government not to be responsible, as if they had a brief of these big jenmies of the State and highly connected. To them all sorts of reductions and concession are given whereas the quota of sacrifice, which is the basis of rationing comes to the lot of the poor only. The rich and the poor should be made to sacrifice alike. There should be no difference between the high-placed Nambudiri landlord and the poor tenant as far as the principle of rationing is concerned. If you deny this preferential treatment, you are denying the truth. That is all.

Then coming to commandeering, I must say it is not properly done. Black-market exist even to day. If the commandeering is correct, certainly black-market will not exist. I will hurry up, Sir, you are looking at the clock. The commandeering is not perfect.

Then with regard to the quality of rice. In the first cut, from such a sincere and honest man as the Hon'ble Member for Food Supplies, I was surprised to hear that the complaints with regard to the quality of rice were imaginary. Sir, Your answers themselvas, as I pointed out as I mentioned earlier clearly show that you have admitted that the quality of our rice brought out from the Mills is very poor. As I had once occasion to describe it, it is real പുഴക്കലരി=പുഴ+കല്ല്+അരി an amalgum of worms, pebbles and rice, the former two being not usable, the third though usable being mixed with the other two, cannot be used? That is the sort of rice that we are getting.

With regard to the reactions to the suggestions that are made by this House from time to time the Hon'ble Member on a former occasion in his reply had stated that the department and the Government are prepared ever to react with the suggestions of this House, but that assurance has not been acted upon. To take shelter under the opinion of the various distinguished visitors like Sir Glancy, Mr. Butler, Sir Srivastava and others—all big persons got here and shown round and certificates obtained, is not working the Food Department. Therefore, I appeal that you please improve your department and save the country.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: മിസ്റ്റർ ചെയർമാൻ, ഒരു അഞ്ചാറു മിനിട്ടിനുമുമ്പ് ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ ഞങ്ങളെ ഓമ്മിപ്പിച്ചതായ സംഗതി മറന്നുകൊണ്ടാണ് ഈ ഭക്ഷ്യവകുപ്പിനെപ്പറ്റി ഞങ്ങൾ വിമർശിക്കുന്നതെന്ന് ആരും തെറ്റിദ്ധരിക്കരുതു്. കൊച്ചിരാജ്യത്തു് ഭക്ഷണക്ഷാമം ഇന്നും നിലവിലിരിക്കുന്നുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. അതിലേക്ക കാര്യമായ പ്രവൃത്തികൾ ഈ വകുപ്പു ചെയ്തിട്ടുണ്ടെന്നും ചെയ്തുകൊണ്ടിരിക്കുന്നുവെന്നും ഞങ്ങൾ സമ്മതിക്കുന്നു. ഈ രാജ്യത്തുള്ള ജനങ്ങൾക്കു് ഏറ്റവും ഉപയോഗയോഗ്യമായ ഒരു ഡിപ്പാർട്ട്മെണ്ടാണു് ഇതെന്നും ഞങ്ങൾ സമ്മതിക്കുന്നു. ഇതു നിലനിർത്തിക്കൊണ്ടുപോകണമെന്നും, നിലനിർത്തിക്കൊണ്ടുപോയാൽ മാത്രമേ ഭക്ഷണക്ഷാമത്തിനു പരിഹാരമുള്ളുവെന്നും, ഇന്നത്തെ റേഷൻ പദ്ധതിയാണു് ബങ്കാളിലെപ്പോലെ പട്ടിണികൊണ്ടു മരിക്കാതെ നമ്മുടെ ജനങ്ങളെ ദുരിതത്തിൽനിന്നും സഹായിച്ചതെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

എന്നാൽ ഈ ഡിപ്പാർട്ട്മെണ്ടിൽ ചില ന്യൂനതകളെല്ലാമുണ്ടു്. അതു പരിഹരിക്കണം. ഭക്ഷണക്ഷാമം തീർക്കുവാൻ ഞങ്ങളാൽ കഴിവുള്ളിടത്തോളമുള്ള പരിഹാരശ്രമങ്ങൾ ജനങ്ങളുടെയിടയിൽ നടന്നിട്ടുണ്ടെന്നു അഭിമാനിക്കുന്നവരാണു് ഞങ്ങൾ. ഭക്ഷണവകുപ്പിന്റെ പലേ ന്യൂനതകളും ഞങ്ങൾ കണ്ടറിഞ്ഞിട്ടുണ്ടു്. എന്റെ അനുഭവത്തിലുള്ള ചില സംഗതികൾ ഈ നിയമസഭയിൽ പറഞ്ഞു മനസ്സിലാക്കണമെന്നു ഞാനുദ്ദേശിക്കുന്നു. ഞാൻ രാജ്യത്തിന്റെ പേരിൽ, ജനങ്ങളുടെപേരിൽ ആവശ്യപ്പെടുന്നതു് എന്താണെന്നുവെച്ചാൽ ബങ്കാളിലെ നില ഈ രാജ്യത്തു വരാനിടയാകരുതെന്നാണു്.

കൊച്ചിരാജ്യത്തു് ഭക്ഷ്യവകുപ്പിനെപ്പറ്റി പറയുമ്പോൾ ആദ്യം കൃഷിമുതൽക്കുതന്നെ പറയാമെന്നു ഞാനുദ്ദേശിക്കുന്നില്ല. സമയം ഏകദേശം പത്തുമിനിട്ടു മാത്രമേയുള്ളു. ഇതിനകം

LIBRARY ARCHIVES Kerala Legislative Assembly

മായി അഞ്ചാറുകൂട്ടം കാര്യങ്ങളും പറയുവാനുണ്ട്. അതുകൊണ്ട് നെല്ലെടുപ്പു മുതലുള്ളാണ് ഞാൻ പറയുവാനുദ്ദേശിക്കുന്നതു്. ആദ്യമായി നെല്ലെടുപ്പിനെപ്പറ്റി പറയാം. നെല്ലെടുപ്പ് ഇവിടെ ശരിയായിട്ട നടക്കുന്നുണ്ടോ എന്നുള്ള കാര്യം ആ വകുപ്പധ്യക്ഷൻ സശ്രദ്ധം പരിശോധിക്കണമെന്നു് അദ്ദേഹത്തോടാവശ്യപ്പെടുവാൻ ഞങ്ങൾക്കധികാരമുണ്ട്. കാരണം എന്താണെന്നു് ഉറപ്പിച്ചുതന്നെ പറയാം. കൊച്ചിരാജ്യത്തിലെ നെല്ലെടുപ്പു പദ്ധതികൊണ്ടു് നിങ്ങൾ ഉദ്ദേശിക്കുന്ന കാര്യം എന്താണോ അതു സഫലമായി നടക്കുന്നില്ല എന്നാണു് ഞാൻ പറയുന്നതു്. (ഹിയർ, ഹിയർ) ഒരേക്കർ സ്ഥലത്തു കൃഷിചെയ്യുന്ന ആളുകളെ ഒഴിവാക്കേണ്ടതാണെന്ന ഗവണ്മെണ്ടു പറഞ്ഞിട്ടുണ്ടെങ്കിലും നിങ്ങളുടെ പാവ്വ്തൃക്കാരന്മാരായിട്ടുള്ള ആളുകൾ വളരെ കക്ഷമയി അങ്ങിനെയുള്ളവരോടു് നിയമപ്രകാരം നെല്ലു് തരണമെന്നുപറഞ്ഞു് നെല്ലു് പിരിക്കുന്നതിൽ നിങ്ങൾ മറവനിലുന്നുണ്ടു്. അതിനു വല്ല പാവ്വ്തൃക്കാരന്മാരോ, റവന്യൂ ഉദ്യോഗസ്ഥന്മാരോ തഹശീൽദാർമാരോ നെല്ലു് എടുക്കുന്നുണ്ടെങ്കിൽ നിങ്ങൾ അതു കാണാത്ത നിലയിൽ കണ്ണടച്ചിരുന്നുകൊണ്ടു് അനുകൂലിക്കുന്നതായിട്ട അനുഭവംവെച്ചു കൊണ്ടു് എനിക്കു പറയുവാൻ സാധിക്കും. നേരെമറിച്ചു് വലിയ കൃഷിക്കാരുടെ കാര്യത്തിൽ തഹശീൽദാർ നെല്ലു് കിടപ്പുണ്ടെന്നു പറയുന്ന സ്ഥലത്തു് നെല്ലില്ല എന്നു പറയുന്നതിനുംകൂടി നിങ്ങൾക്കു മടിയുണ്ടായിട്ടില്ല. നെല്ലു് ഉണ്ടെന്നു പറഞ്ഞ സ്ഥലത്തു നെല്ലു് കിടക്കുന്നതു് അകത്തുപോയി പരിശോധിച്ചു് മനസ്സിലാക്കി നിങ്ങൾക്കറിവുതരുന്ന തഹശീൽദാരെക്കൂടി നിങ്ങൾ മടക്കിക്കൊണ്ടുവരുന്നുണ്ടു്. ഇതു് ഞാൻ എന്റെ സ്വാനുഭവം പറയുകയാണു്. ആരെങ്കിലും ചോദ്യംചെയ്താൽ തെളിവുതരാനും ഒരുക്കമാണു്. മുകുന്ദപുരം താലൂക്കിൽനിന്നു ആവലക്ഷത്തിൽ ചിലപ്പാനം പറ നെല്ലാണു് ഈ ഒരു കൊല്ലത്തിൽ എടുത്തിട്ടുള്ളതു്. ഞാൻ ചോദിക്കുന്നു, നിങ്ങൾ കണ്ണടച്ചിട്ടല്ലേ നെല്ലു് പിരിക്കുന്നതെന്നു്. സേവയല്ലേ ഇതിൽ പ്രവർത്തിക്കുന്നതെന്നു്; ഭയമല്ലേ നിങ്ങളുടെ വഴി തടയുന്നതെന്നു്. ഒരു കൊല്ലത്തെ ചിലവിനുള്ള നെല്ലുമാത്രം കൃഷിക്കാരനോ ഭൂമിയുടമസ്ഥനോ കൊടുത്തു് ബാക്കി മുഴവൻ പിരിച്ചാൽ ന്യൂ ലക്ഷത്തിൽ ചിലപ്പാനം പറ നെല്ലാണോ മുകുന്ദപുരം താലൂക്കിൽ നിന്നു കിട്ടുക? നിങ്ങൾ നിങ്ങളുടെ ന്യായമായ തോതനുസരിച്ചു് നിയമാനുരണം പ്രവർത്തിച്ചിട്ടില്ല, നിങ്ങൾ കണ്ണടച്ചിരിക്കുന്നുവെന്നാണു് ഈ കണക്കു തെളിയിക്കുന്നതു്. നിങ്ങൾ നിങ്ങളുടെ പ്രവർത്തി ശരിക്കു ചെയ്തിട്ടില്ല; ചെയ്യുന്നില്ല. ഇത്ര വലിയൊരു ഡിപ്പാർട്ടുമെണ്ടിന്റെ കൊല്ലംതോറും ഏതു ലക്ഷത്തി വ്യ ആയിരം ഉറുപ്പിക ഉദ്യോഗസ്ഥന്മാരുടെ പേരിൽ ചിലവുചെയ്യുന്ന ഒരു ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തി കാര്യക്ഷമമായ വിധത്തിലുള്ളതാണെങ്കിൽ അതിലേക്കു് എത്ര ലക്ഷം ഉറുപ്പിക വേണമെങ്കിലും വോട്ടുചെയ്തുതരുവാൻ ഞങ്ങൾ ഒരുക്കമാണു്. എന്നാൽ നിങ്ങൾ പലതിക്കിലും കണ്ണടച്ചിട്ടുണ്ടെന്നുതന്നെ ഞാൻ സധൈര്യം പ്രസ്താവിക്കുന്നു. അങ്ങിനെ കണ്ണടക്കാതെ കാര്യക്ഷമമായ തരത്തിൽ നിങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിൽ എട്ടൊൺസും പത്തുണ്ടൊൺസും ഫസ്റ്റ ഓൺസും അരിവീതം കൊടുത്തിരുന്നതിനു പകരം ഫസ്റ്റ ഓൺസു അരിതന്നെ നിങ്ങൾക്കു കൊടുക്കുവാൻ സാധിക്കുമായിരുന്നു. ആ കാര്യം അങ്ങിനെയിരിക്കട്ടെ.

പലവിധസാധനങ്ങൾ, ഡ്രൈ ഗ്രെയിൻസു് നിങ്ങളുടെ ഡിപ്പോവിൽ കൊടുത്തുവരുന്നുണ്ടു്. ആക്കൂട്ടത്തിൽ അരിയാവശ്യമുള്ളവർ ഒന്നും രണ്ടും റാത്തൽവീതം ചോദിച്ചപ്പോൾ നിങ്ങൾ കൊടുക്കാതിരുന്നു. ഫസ്റ്റ കൈ വരുത്തിയതാണു് ആ സാധനം. അതു വിതരണം ചെയ്യാതെ വെച്ചിരുന്നു കേടുവരികയാൽ നിങ്ങൾ ഏഴറപ്പിക്കു വിറ്റില്ലേ? അതിലധികം ഭാഗവും കത്തിച്ചുകളഞ്ഞില്ലേ എന്നു ഞാൻ ചോദിക്കുന്നു. ഒരുറാത്തൽ മാവെങ്കിലും തരണമെന്നു പറഞ്ഞപ്പോൾ കൊടുക്കാതെ സൂക്ഷിച്ചു് അതിപ്പോൾ വളത്തിനായി ഉപയോഗിക്കുന്നു! അതു കൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ട് ചാർജ്ജുതന്നെ നഷ്ടം വന്നിട്ടുണ്ടെന്നു പറയുന്നു.!! വരുത്തിയതു് നമ്മുടെ നാട്ടുകാരുടെ ആവശ്യത്തിനു; നിങ്ങൾ വില്ക്കാൻ കൂട്ടാക്കിയില്ലെന്നു മാത്രം. ഡിപ്പോവിന്റെ പടിക്കൽപോയി ഞങ്ങൾക്കു ഫസ്റ്റ റാത്തൽ ആട്ടാമാവു വീതം തരണമെന്നാവശ്യപ്പെട്ടപ്പോൾ, വിലകൊടുത്തു വാങ്ങുവാൻ ആളുകൾ തയ്യാറുണ്ടായിരുന്നപ്പോൾ അതു വില്ക്കുന്നതെന്തു് ഡിപ്പാർട്ടുമെണ്ടിൽനിന്നു കല്പന കൊടുത്തില്ലേ? ഇങ്ങിനെയുള്ള അനീതികൾ നമ്മുടെ രാജ്യത്തു വെച്ചുകൊണ്ടിരിക്കുവാൻ പാടില്ല. ആവശ്യമുള്ളപ്പോൾ കൊടുക്കാതിരുന്നു. ആവശ്യമില്ലാത്ത സമയത്തു് കേടുവന്നു സാമാനങ്ങൾ ജനങ്ങളുടെ തലയിൽ കെട്ടിവെക്കുന്നുണ്ടു്. കൊച്ചി മഹാരാജാവു തിരുമനസ്സിലെ രാജ്യത്തിൽ എത്ര നഷ്ടം വന്നാലും വന്നുകൊള്ളട്ടെ എന്നായിരിക്കാം ഇതിന്റെയെല്ലാം ഉദ്ദേശം. തിരുവിതാംകൂറിൽ രണ്ടു കോടി ഉറുപ്പിക നഷ്ടം വന്നിട്ടുണ്ടു്, ഇവിടെ മൂന്നുലക്ഷമേ ഉള്ളുവെന്നു് ദിവാൻജി

LIBRARY ARCHIVES Kerala Legislative Assembly

എഴുതിപ്പറയുന്നില്ല പ്രസംഗിക്കുക; ഞങ്ങളും വോട്ടുചെയ്യുന്നു ഇതാണ് ഇവിടെ നടക്കുന്നതു്. അതിരിക്കട്ടെ.

ഈ സഭയുടെ ഉഷ്ണിയിൽ ഒരു സംഗതി കൊണ്ടുവരുവാനുണ്ടു്. ഇൻകംടാക്സു് പിരിക്കുന്നതിനെപ്പറ്റി ഞാൻ ഒരു സംഗതി പറയുമ്പോൾ നിങ്ങളും ഞെട്ടും, പല്ലുകടിക്കും, ചോദ്യം ചെയ്യും. പൊതുജനപ്രതിനിധികളാണെങ്കിൽ ഈ സഭയിലെ അംഗങ്ങളും അങ്ങിനെ ചെയ്യാതിരിക്കുകയില്ല. അതിൽ ഒരു പ്രധാന സംഗതിയുണ്ടു്. രാജ്യത്തെ കച്ചവടക്കാരോടു്, കള്ളക്കച്ചവടംചെയ്തും ലാഭം അടിച്ചും സമ്പാദിച്ച വരുമാനത്തിൽ ഒരംശം തരണമെന്നു പറയുവാൻ ഗവൺമെണ്ടിനു് എങ്ങിനെ ധൈര്യമുണ്ടാകും? വാസ്തവത്തിൽ കൊച്ചി ഗവൺമെണ്ടു് കള്ള കമ്പോളത്തിൽ ഒറവനിന്നു ജനങ്ങളെ നരകിപ്പിക്കുകയാണു് ചെയ്യുന്നതു് എന്നാല്ലേ ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്. കള്ളക്കച്ചവടവും അമിതലാഭമെടുക്കലും ഗവൺമെണ്ടറിഞ്ഞു് അനുവദിച്ചുവരുന്നുണ്ടെന്നാല്ലേ ഞങ്ങളും മനസ്സിലാക്കേണ്ടതു്? ഇൻകംടാക്സു് ആവശ്യപ്പെട്ടയക്കുന്ന ഫാറത്തിൽ "Income from Black marketting and Profiteering" വരുമാനത്തിനും സ്ഥലം നിങ്ങളും കൊടുത്തിട്ടുണ്ടെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. നിങ്ങൾക്കു നിഷേധിക്കുവാൻ കഴിയുമോ? ഭാഗ്യവശാൽ ഈ സംഗതിക്കു് ഞാൻ അയച്ചിട്ടുള്ള ഒന്നരണ്ടു ഉപക്ഷേപങ്ങളും ഈ സഭയുടെ ആലോചനക്കു വരുമ്പോൾ എനിക്കു കൂടുതൽ പറയുവാനുള്ളതു് അപ്പോൾ പറഞ്ഞുകൊള്ളാമെന്നുള്ള വിശ്വാസത്തോടും, എനിക്കു കിട്ടിയ സമയം കൊണ്ടു ഇത്രമാത്രം പറഞ്ഞുകൊണ്ടും തല്ക്കാലം സമയമില്ലാത്തതുകൊണ്ടും നിവൃത്തനാവുന്നു.

മിസ്റ്റർ ജോസു് കെ. വറുഗീസു്: എന്റെ മാന്യ സ്നേഹിതന്മാർ ഇവിടെ പറഞ്ഞു പോയതു് ഇവിടെ നെല്ലു് അറയിലും കളത്തിലും പോകുന്നതുവരെ മാത്രമാണു് പറഞ്ഞതു്. ഞാൻ നെല്ലു് മില്ലുകളിലേക്കു് അയച്ചശേഷമുള്ള സംഗതികളെപ്പറ്റി രണ്ടു വാക്കു പറയാം. സാധാരണയായി നമ്മുടെ വീടുകളിൽ നെല്ലു പുഴുങ്ങുന്നതു് ആറോ എട്ടോ മണിക്കൂർ സമയം വെള്ളത്തിൽ ഇട്ടശേഷം മാത്രമാണു്. മില്ലിൽ മൂന്നു നാലു ദിവസം നെല്ലു വെള്ളത്തിലിട്ടു വെക്കും. അപ്പോൾതന്നെ നെല്ലു ഏതാണ്ടു് രണ്ടോ മൂന്നോ ഇരട്ടി സൈസിൽ ആകും. അതു വെള്ളത്തിൽനിന്നെടുത്തു നിസ്സാരമായ ചൂടു കൊടുത്തു ഏതാണ്ടു് ഉണങ്ങിയെന്നു കാണുമ്പോൾ മില്ലിലിട്ടു് റബ്ബർപോലെ വലിച്ചു നിട്ടുകയാണു് ചെയ്യുന്നതു്. ഇങ്ങിനെ ചെയ്താൽ ആറിടങ്ങഴിയുടെ സ്ഥാനത്തു ഏതാണ്ടു് ൻ ഇടങ്ങഴിയോളം അരി ലഭിക്കുന്നുവെന്നാണു് എന്റെ സ്വകാര്യമായ അറിവു്. ഇനി നാറാം വരുന്നതിനും ചില കാരണങ്ങളുണ്ടു്. വേനൽക്കാലത്തു മില്ലിൽ വെള്ളം കിട്ടുവാൻ പ്രയാസമുണ്ടു്. ഒരു പ്രാവശ്യം ഇട്ട നെല്ലു വാരിയതിന്റെ ശേഷം ആ വളിച്ച വെള്ളത്തിൽതന്നെയാണു് വീണ്ടും നെല്ലിടുന്നതു്. ആ വെള്ളത്തിൽനിന്നാണു് ഈ നാറാം വരുന്നതെന്നാണു് എനിക്കു വ്യക്തമായി കിട്ടിയിട്ടുള്ള അറിവു്.

ഇനിയൊരു സംഗതി ടാൻസു്പോട്ടിംഗു് ആണു്. ടാൻസു്പോട്ടിംഗിന്റെ കാര്യത്തിൽ ടെണ്ടർ ആവശ്യപ്പെട്ടുകൊണ്ടു് ഗസറ്റിൽ നോട്ടിഫൈ ചെയ്യും. അതിനു പലരും ടെണ്ടർ കൊടുക്കാറുണ്ടു്. ഗവൺമെണ്ടിന്റെ പോളിസിപ്രകാരം കൂടുതൽ റേറ്റുള്ള ആൾക്കു കൊടുത്തു വരുന്നതു് നമ്മുടെ ഡിപ്പാർട്ടുമെണ്ടിന്റെ ഒരു പതിവായി കണ്ടുവരുന്നുണ്ടു്. ഒരു പൈയോ അര പൈയോ നാഴിയരിയിൽ കുറവുണ്ടായാൽ അവർക്കു് ഉപ്പും മുളകും വാങ്ങിക്കുവാൻ സാധിക്കുമെന്ന കാര്യം ഫുഡു് മെമ്പർ ആലോചിച്ചാൽ മതി.

മൂന്നാമത്തെ സംഗതിയാണു് അഡൈസറി ബോർഡു്. അഡൈസറി ബോർഡു് ഡിപ്പാർട്ടുമെണ്ടു ഹെഡ്ഡു് നിശ്ചയിക്കുന്ന ഒരു ബോർഡാണു്. അതിൽ ചില എം. എൽ. സി.മാരും പെട്ടിട്ടുണ്ടു്. അവരിൽ ചില പെർമിറ്റു ഹോൾഡേഴ്സു് ഉണ്ടെന്നാണു് തോന്നുന്നതു്. ശക്തരക്കോ മറ്റോ ഒരു എം. എൽ. സി.ക്കു് പെർമിറ്റു കൊടുത്തുവെന്നും, തൃശ്ശിവപേരൂർ അങ്ങാടിയിൽ ആ പെർമിറ്റു തന്നാൽ എത്ര ലാഭം തരും എന്നു് അന്വേഷിച്ചു നടന്നതായിട്ടും ഒരു കിംവദന്തി കേൾക്കാറുണ്ടു്. അതു വാസ്തവമാണെങ്കിൽ അങ്ങിനെയുള്ള ആളുകളെ ഇതിൽ അപ്പോയിന്റു് ചെയ്യാതിരിക്കുവാൻ പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു.

കച്ചവടക്കാരായിട്ടു ആരൊക്കെയുണ്ടു് എന്ന കാമേഴ്സു് മെമ്പറുടെ ചോദ്യത്തിനു രണ്ടു കൊല്ലം മുതൽ 10 കൊല്ലംവരെ കച്ചവടത്തിൽ പഴക്കവും തഴക്കവും ഉള്ള ആളുകളുടെ ഒരു ലിസ്റ്റു വായിച്ചു. തൃപ്പൂണിത്തുറയിൽ വലിയ ചില ബോർഡുകൾ കെട്ടിത്തൂക്കിയ ചില കച്ചവടക്കാരുണ്ടു്. അവർക്കു കൊടുക്കണമെന്നു് ഈ സഭയിൽ പലരും പറയുകയുണ്ടായി. എന്റെ അഭിപ്രായത്തിൽ അതിലും താഴെയുള്ള ആളുകളുണ്ടെങ്കിൽ അവർക്കു കൊടുക്കുകയല്ലാതെ വലിയ ബോർഡു നോക്കി കൊടുക്കുന്നതു് ഡിപ്പാർട്ടുമെണ്ടിനു ശോചനീയമാണെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഡിപ്പാർട്ട്മെണ്ടു ഹെഡ്ഡിനെ വത്തമാനക്കടലാസ്സുകാർ വളരെ ഭംഗിയായി പുകഴ്ത്തുന്നുണ്ടു്. എന്റെ അഭിപ്രായത്തിൽ പുകഴ്ത്തുന്ന ആളുകളെ ഒരിക്കലും വിശ്വസിച്ചു പോകരുതു. അവർ അങ്ങിനെ പുകഴ്ത്തുന്നുണ്ടെങ്കിൽ നിശ്ചയമായും അവരുടെ മക്കളോ മരുമക്കളോ നിങ്ങളുടെ പടിക്കൽ കാവലുണ്ടായിരിക്കും. തീച്ചയായും ഇവിടെ നടന്ന വിമർശനങ്ങൾക്കു് ഒരു നിവാരണമാർഗ്ഗം ഉണ്ടോ എന്നു നോക്കേണ്ടതാണു്. ഇത്രത്തോളം പറഞ്ഞുകൊണ്ടു് ഞാൻ തല്ക്കാലം വിരമിക്കുന്നു.

* മിസ്റ്റർ പി. നാരായണമേനോൻ: ഇതിന്റെ ധാർമ്മികമായ വശംകൂടി നോക്കണമെന്നു് എന്റെ സ്നേഹിതൻ സപ്രല്ലം മുമ്പു് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഇത്രകണ്ടു ധാർമ്മികമായ വശത്തുകൂടിതന്നെയാണു് ചെറുതായ ഒരു വിമർശനം നടത്തണമെന്നു ഞാൻ വിചാരിച്ചതു്. വിതരണം ചെയ്യുന്ന സാധനങ്ങളുടെ നന്മതിന്മകളെപ്പറ്റി പറയുമ്പോൾ ഇപ്പോൾ വിതരണം ചെയ്യുന്ന അരി അത്ര മോശമാണെന്നു പറയുവാൻ വയ്യാ എന്നു് ചിലരെല്ലാം പ്രസ്താവിക്കുകയുണ്ടായി. നല്ലതാണെന്നു് ഞാനും സമ്മതിച്ചേക്കാം. പണ്ടു് അക്കബർ ചക്രവർത്തി ഒരു വര വരച്ചും ആ വര മായ്ക്കാതെ കണ്ടു അതു ചെറുതാക്കുവാൻ അദ്ദേഹത്തിന്റെ സദസ്സിൽ ഉള്ളവർക്കു സാധിക്കുമോ എന്നു അവരോടു് ചോദിച്ചു. മായ്ക്കാതെ കണ്ടു ചെറുതാക്കുകയെന്നുള്ളതു് അവരിൽ പലർക്കും അസാധ്യമായി തോന്നി. ഉടൻ ബുദ്ധിമാനായ ഒരു മനുഷ്യൻ അടുത്തുവന്നു അതിനേക്കാൾ വലിയ ഒരു വര വരച്ചു. അപ്പോൾ ചക്രവർത്തി വരച്ച വര രണ്ടാമതു വരച്ച വരയേക്കാൾ ചെറുതായി. അങ്ങിനെ ഞാൻ മായ്ക്കാതെതന്നെ വര ചെറുതാക്കിയിരിക്കുന്നുവെന്നും, ആ മനുഷ്യൻ അഭിമാനംകൊണ്ടതായിട്ടു കേട്ടിട്ടുണ്ടു്. അതുപോലെ അരിയും മറ്റു വിതരണ സാധനങ്ങളും മിക്കവാറും എല്ലാംതന്നെ നല്ലതാണെന്നു പറയുന്നതു് ഒരു നിലയിൽ ശരിയാണു്. അതിനു് ഒരു കാരണം ആ അരിയേക്കാൾ മോശമായ സാധനങ്ങൾ അതിലുള്ളതാണു്. സപ്ലൈ ഡിപ്പാർട്ട്മെണ്ടിലെ വരവു ചിലവു കണക്കുകൾ പരിശോധിച്ചാൽ അതിൽ രണ്ടിനങ്ങളിൽ വേണ്ട വരവു ചിലവുകൾ ചെയ്തുകൊണ്ടിരിക്കുന്നതായി നമുക്കു അനുഭവപ്പെടും. ഒരു വലിയ തുകയുണ്ടാക്കി പാപ്പുലറൈസിനു് ആ തുക ചിലവു ചെയ്യണമെങ്കിൽ അതു പാപ്പുലർ അല്ലെന്നു നിശ്ചയമാണു്. അതുനിമിത്തം അൺപാപ്പുലറായിട്ടുള്ള സാധനങ്ങളുണ്ടെന്നു തെളിഞ്ഞു വരുന്നുണ്ടു്. പാപ്പുലറായ സാധനങ്ങളും അതിലുണ്ടു്. ഇങ്ങിലെ രണ്ടിനങ്ങളുള്ളതായി ആ ഡിപ്പാർട്ട്മെണ്ടുതന്നെ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. അൺപാപ്പുലറായി ഗവർമ്മെണ്ടുതന്നെ തീരുമാനിച്ചു് മാറ്റിവെച്ചിട്ടുള്ള ആ സാധനങ്ങൾ ആണു് ഡ്രൈ ഫ്രൂയിൻ എന്നു പറയുന്നതു്. ഡ്രൈ ഫ്രൂയിൻസ് പാപ്പുലറാക്കുന്നതിനു ജനങ്ങളുടെയിടയിൽ പ്രചരണം നടത്തുവാനായി ൨൪,൦൦൦ ക. യോളം ചിലവു ചെയ്തു. എന്റെ മറ്റൊരു സ്നേഹിതൻ ദേശീയ സമരനിരയുടെ പ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞതുപോലെ ഏതാനും ചിലരുടെയിടയിൽ ഉണക്കധാന്യങ്ങൾക്കു പ്രചാരമുണ്ടാക്കുന്നതിനുവേണ്ടി ഒരു സങ്കേതം രൂപീകരിച്ചു് അതിന്നായി ഒരു വലിയ സംഖ്യ വ്യയംചെയ്തു. അതുതന്നെയും അതിനു മുമ്പുള്ള ചില ക്ഷേണസാധനങ്ങളും, പൊതുജനങ്ങൾക്കു് ഇതുവരെ അനുഭവമായിരുന്ന പല സാധനങ്ങളും മോശമാക്കിത്തീർത്തിട്ടാണു് അതു ജനങ്ങളുടെയിടയിൽ പ്രചരണമുണ്ടാക്കുന്നതിനും, ജനങ്ങളെക്കൊണ്ടു സ്വീകരിപ്പിക്കുന്നതിനും ഗവർമ്മെണ്ടു പരിശ്രമിച്ചിട്ടുള്ളതു് എന്നുള്ളതിനു് ഇന്നത്തെ റസ്റ്റോറണ്ടുകൾതന്നെ ഉദാഹരണമാണു്. ഈ റസ്റ്റോറണ്ടുകൾ തുടങ്ങിയതു മുതൽക്കു് പഞ്ചസാരയോ അതുപോലെ ഗവർമ്മെണ്ടു് സംഭരിച്ചിട്ടുള്ള മറ്റു സാധനങ്ങളോ നൽകിയിരുന്നില്ല. ചെറിയ ചെറിയ ചായകടകൾക്കു് ഒട്ടുംതന്നെ കൊടുത്തിരുന്നില്ല. അതുകൊണ്ടു് ഗവർമ്മെണ്ടു അംഗീകരിച്ചിട്ടുള്ളതായ പഞ്ചസാര ചേർന്ന ചായ കിട്ടാതെകണ്ടു് സാധാരണ ജനങ്ങൾ മറ്റു യാതൊരു ചായക്കടകളിലും പോയി. ചായ കുടിക്കാതെയായി. അതോടുകൂടി റസ്റ്റോറൻറ് പ്രചാരത്തിൽ വന്നു. നേരെമറിച്ചു് മറ്റുള്ള കടക്കാർക്കു് എന്നപോലെതന്നെ റേഷൻ അനുവദിച്ചു് പഞ്ചസാര മുതലായ അപൂർവ്വസാധനങ്ങൾ കൊടുത്തിരുന്നുവെന്നുണ്ടെങ്കിൽ ആ സാധനങ്ങൾക്കു ഇത്രയും പ്രചാരം വരികയില്ലായിരുന്നുവെന്നുള്ളതു് വ്യക്തമാണു്. അങ്ങിനെ പ്രചാരം വരികയാണെങ്കിൽ എല്ലാ സാധനങ്ങൾക്കും പ്രചാരം വരുത്തുവാൻ യാതൊരു ബുദ്ധിമുട്ടുമില്ല. എന്തു സാധനം പ്രചരിപ്പിക്കണമെന്നു വിചാരിക്കുന്നുവോ അതിനേക്കാൾ മോശമായ സാധനങ്ങൾ എവിടെനിന്നെങ്കിലും തേടിപ്പിടിച്ചു് ഇവിടെ കൊണ്ടുവന്നു നിർബ്ബന്ധപൂർവ്വം ജനങ്ങളുടെ തലയിൽ കെട്ടിവെക്കുന്നതിനുള്ള നിയമങ്ങൾ ഉണ്ടാക്കിട്ടുണ്ടു്. ആ നിയമങ്ങൾ അക്ഷരംപ്രതി പ്രവൃത്തിയിൽ വരുത്തുവാൻ വേണ്ട പരിശ്രമങ്ങൾ ചെയ്യുകയും ചെയ്താൽ മതിയാകുന്നതാണു്. ഇങ്ങിനെയാണു് ഈവക സാധനങ്ങൾ നന്നായിട്ടുള്ളതെന്നു് സപ്രല്ലമൊന്നു് ആലോ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ചിച്ചാൽ നമുക്ക മനസ്സിലാക്കുവാൻ സാധിക്കും. യഥാത്ഥത്തിൽ ചില കടകളിൽ ജനങ്ങൾക്ക ഭക്ഷിക്കുന്നതിന്നായി വിതരണം ചെയ്യുന്ന അരി ഇത്ര മോശമാണെന്ന തോന്നിയത റേഷൻ കാർഡുപ്രകാരം അരി വാങ്ങിച്ച ഉപയോഗിച്ചാൽ മാത്രമേ മനസ്സിലാക്കുവാൻ സാധിക്കുകയുള്ള. ഇവിടെ കിട്ടുന്ന അരി വലിയ കുറവുള്ളതാണെന്ന പറയുവാൻ വയ്യാ എന്ന പറയുന്നതു അനുഭവമില്ലാത്തതുകൊണ്ടാണ. അങ്ങിനെ പറയുന്നവർ റേഷൻ കാർഡുപ്രകാരമുള്ള അരി ഒരിക്കൽപോലും ഭക്ഷിച്ചിട്ടുണ്ടോ എന്ന സംശയമാണ. അവർക്ക നല്ല നെല്ലിന്റെ അരി ധാരാളമായിട്ട കിട്ടുന്നുണ്ട. നേരേമറിച്ച റേഷൻകാർഡുപ്രകാരം അരിമേടിച്ച ഭക്ഷണം കഴിക്കുന്ന ഞങ്ങൾക്ക ചിലപ്പോൾ കിട്ടുന്ന അരി മൃഗങ്ങൾപോലും ഉപയോഗിക്കുവാൻ സാധിക്കാത്തതാണെന്ന അനുഭവപ്പെട്ടിട്ടുണ്ട. അങ്ങിനെ ചിലപ്പോഴെല്ലാം ഡ്രൈ ഗ്രെയിൻ ഉപയോഗിച്ച തുപ്പിപ്പെടേണ്ടിവന്നിട്ടുണ്ട. അതു പാപ്പുലറൈസ ചെയ്യുവാൻ വേണ്ടി ഇത്ര വലിയ തുക ചിലവു ചെയ്യണമെന്ന ഞാൻ വിചാരിക്കുന്നില്ല. കുറെക്കൂടി മോശമായ അരി കിട്ടുമെന്നുണ്ടെങ്കിൽ അതു വരുത്തി വിതരണം ചെയ്യുവാനുള്ള വല്ല വ്യവസ്ഥകളും ചെയ്താൽ മതി. അരി എത്ര മോശമാകുന്നുവോ അത്രയും അരി വാങ്ങുവാനുള്ള ആഗ്രഹം ജനങ്ങൾക്ക കുറയുകയും അത്രത്തോളം ഗവർമെണ്ടിന്ന ഉണക്ക ധാന്യത്തിന്റെ പ്രചാരം വർദ്ധിക്കുകയും ചെയ്യും. അതിനുവേണ്ടിയാണോ ഈ മോശമായ അരി വിതരണം ചെയ്യുന്നതെന്ന സംശയിക്കാവുന്നതു. ഇതിന്റെ ധാർമ്മികമായ ഒരു വശംകൂടി നോക്കണമെന്നുള്ളതിനോട ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഒരു വശം മാത്രം ധാർമ്മികമായി നോക്കണമെങ്കിൽ മറെല്ലാറ്റിലും ധാർമ്മികമായ വശം നോക്കേണ്ടതു അതു വശ്യമാണ. ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്ന ഭാരം ഏറെറടുത്തിട്ടുള്ള ഞങ്ങൾ ഭക്ഷ്യ വകുപ്പിന്റെ ചട്ടങ്ങൾ ഉപയോഗയോഗ്യമാക്കി നല്ല നല്ല സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കി കൊടുക്കേണ്ടതു അവരുടെ ചുമതലയാണ. നമ്മുടെ രാജ്യത്തു ക്ര ര് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ആവശ്യത്തിന്ന വേണ്ടിടത്തോളമുള്ള ധാന്യങ്ങളും മറെറ സാധനങ്ങളും ശേഖരിക്കുന്നതിന്ന വേണ്ട സ്റ്റോർ റൂമോ ഗോഡൌണോ അതിലേക്ക വേണ്ട കെട്ടിടങ്ങളോ ഇല്ലെന്ന നമുക്കറിയാം. ഈ വക സാധനങ്ങൾ എവിടെയാണ സൂക്ഷിക്കേണ്ടതു, എത്രത്തോളമാണ കൊല്ലംതോറും കേടുവന്നു പോകുന്നതു, കേടുവന്ന സാധനങ്ങൾ മുഴുവൻ നശിപ്പിക്കുന്നുണ്ടോ, അതോ അതും ജനങ്ങൾക്കുതന്നെ വിതരണം ചെയ്യുന്നതിന്ന വിനിയോഗിക്കുന്നുണ്ടോ ഈ വക സംഗതികൾ പ്രത്യേകം ആലോചിച്ചുനോക്കേണ്ടതാണ. നമ്മുടെ നാട്ടിൽ ഇത്രയും ധാന്യങ്ങൾ ശേഖരിക്കുന്നതിന്ന വേണ്ട കെട്ടിടങ്ങളോ സ്റ്റോർ റൂമോ ഇല്ല എന്നുള്ളതു എല്ലാവർക്കുമറിയാം. എനിക്ക വളരെ കാര്യങ്ങൾ ഈ വിഷയത്തിൽ പറയുവാനുണ്ടെങ്കിലും സമയം അധികമില്ലാത്തതുകൊണ്ടു ഒരു സംഗതിയെപ്പററിമാത്രം ഉറപ്പിച്ച പറഞ്ഞുകൊള്ളാം. മനുഷ്യർക്കുപയോഗിക്കേണ്ടതായ സാധനങ്ങൾ മനുഷ്യർക്കുപയോഗിക്കാവുന്ന സാധനങ്ങളായിട്ടുതന്നെ ഉപയോഗപ്പെടുന്ന വിധത്തിൽ നൽകുവാൻ വേണ്ട വ്യവസ്ഥകൾ മേലിലെങ്കിലും ഗവർമെണ്ടിന്നുണ്ടായാൽ കൊള്ളാമെന്ന പ്രാത്ഥിച്ചുകൊണ്ടും, ചീത്തയായിമനുഷ്യർക്ക ഉപയോഗിക്കുവാൻ കൊള്ളരുതാത്തതായി തീർന്നിട്ടുള്ള സാധനങ്ങൾ എന്തെല്ലാമാണെന്ന അറിയുന്നതിന്ന വേണ്ടിയും, ഗവർമെണ്ടു ശേഖരിച്ചിട്ടുള്ള സാധനങ്ങളുടെ ഗുണദോഷങ്ങളറിയുവാനായിട്ടും ഒരു മെഡിക്കൽ പരിശോധന നടത്തികൊള്ളരുതാത്തതാണെന്ന കാണുന്നവയെ എല്ലാം കഴിച്ചു കൂടി നശിപ്പിക്കണമെന്ന അപേക്ഷിച്ചുകൊണ്ടും, ഇനിയും കുറെക്കൂടി വില കൂടിയാലും തരക്കേടില്ല, ജനങ്ങൾക്കുപയോഗിക്കുവാൻ കൊള്ളാവുന്ന സാധനങ്ങൾ മാത്രം ശേഖരിച്ചുവെച്ച മേലാൽ വിതരണം ചെയ്യുവാൻ ഭയവുണ്ടാകണമെന്നറിയിച്ചുകൊണ്ടും ഞാൻ വിരമിക്കുന്നു.

Dr. Mrs. Francis *(Women-Ernakulam)*: Sir, the quality of rice sold at least at Ernakulam is not so very inferior as is stated by many Hon'ble Members, especially by the Member for Trippunittura. I am a person who has been using the rice from beginning of rationing up to this very moment. As a doctor also I can make my remarks about the quality of food-stuffs now rationed. The food-stuffs and the rice, I must say, are not, so very inferior, as some people say. Under the present difficult circumstances the Food Department has to very many troubles encounter in getting also rice from distant places and in avoiding hoarding of rice and paddy by the cultivators and also in putting down profiteering. The department has done considerably well and it has saved us from starvation. That is all what I have to say.

മിസ്റ്റർ ജോസഫ ചിറയത്തു: ബഹുമാനപ്പെട്ട കൊച്ചി കണയന്നൂർ, മെമ്പറും മിസ്സിസ ഫ്റാൻസിസും അവർകളും ഭക്ഷ്യ വകുപ്പു നടത്തുന്നതിനുള്ള വലുതായ കഷ്ടപ്പാടുക

LIBRARY ARCHIVES Kerala Legislative Assembly

ളും ബുദ്ധിമുട്ടുകളും പരിഗണിച്ച് ഫുഡ് ഡിപ്പാർട്ടുമെണ്ടു മെമ്പറോ ആ ഡിപ്പാർട്ടുമെണ്ടിന്റെ നടപടികളേയോ വിമർശിക്കുന്ന വിഷയത്തിൽ പ്രത്യേകം ദയ കാണിക്കണമെന്നു പറയുന്നതു വളരെ ആശ്വാസകരമാണെന്നു തോന്നുന്നില്ല. (ചിരി)

വയറ്റിലേക്കു ചെല്ലുന്ന ഭക്ഷണസാധനം ഇതു വഷളായിട്ടുള്ള നിലയിൽ തരുന്ന ആ ഡിപ്പാർട്ടുമെണ്ടിന്റെ മേലധികാരിയെ സ്തുതിച്ചുകൊണ്ടിരിക്കുവാൻ ഞങ്ങളുടെ വയറ് സമ്മതിക്കുന്നില്ല. ആരോഗ്യവും സമ്മതിക്കുന്നില്ല. മറ്റു യാതൊരു നിലയിലും വലിയ രക്ഷയില്ല. ഇവിടത്തെ നെല്ലെടുപ്പു സംമ്പ്രദായത്തെക്കുറിച്ചു് പറയുന്നതായാൽ കൃഷിക്കാരിൽനിന്നുമാത്രം നെല്ലെടുത്തുകൊണ്ടുപോകുന്ന ഏർപ്പാടു് അല്ലേ ഇതു് എന്നു കായ്മമായി സംശയിക്കേണ്ടിയിരിക്കുന്നു. (ഹിയർ, ഹിയർ) വലിയ ജന്മിമാരുടേയും, തമ്പുരാക്കന്മാരുടേയും—തമ്പുരാക്കന്മാർ എന്നു പറയുന്നതു വലിയ നമ്പൂതിരി ജന്മികളെ ഉദ്ദേശിച്ചാണു്. അവരെ തമ്പുരാക്കന്മാർ എന്നു വിളിച്ചില്ലെങ്കിൽ പിന്നെ രക്ഷയില്ല, അങ്ങിനെയുള്ള തമ്പുരാക്കന്മാരെക്കുറിച്ചേ ഞാൻ പറയുന്നുള്ളു. അല്ലാതെ നമ്മുടെ രാജകുടുംബത്തിലെ തിരുമേനിമാരെക്കുറിച്ചു് യാതൊന്നും ഞാൻ പറയുന്നില്ല. അങ്ങിനെ വലിയ ജന്മികളുടെ വകസ്ഥലങ്ങളിൽ കിടക്കുന്ന നെല്ലു് ഒന്നും കൊച്ചി ഗവർമെണ്ടു് കായ്മമായി കമാണ്ടിയർ ചെയ്യുന്നതായി ഞാൻ വിശ്വസിക്കുന്നില്ല. സാധാരണ നിലയിലുള്ള വില്ലേജുകളിൽപോലും ഇന്നും എത്ര പറ നെല്ലു് വേണമെങ്കിലും പറക്കു മു. ക. കൊടുത്താൽ വാങ്ങാൻകിട്ടും. കൊച്ചി ഗവർമെണ്ടു് കമാണ്ടിയർ ചെയ്യുകഴിഞ്ഞിട്ടുണ്ടെങ്കിലും കന്നിമാസത്തിലും മകരമാസത്തിലും കൊയ്തെടുത്തിട്ടുള്ള നെല്ല അവിടെ എത്ര പറ വേണമെങ്കിലും വാങ്ങാൻ കിട്ടും. ഇപ്പോൾ ഗവർമെണ്ടിൽനിന്നും നടപ്പിലാക്കിട്ടുള്ള കമേണ്ടിയറങ്ങു വഷളായ ഒന്നാണു്. ഇപ്പോൾ കിട്ടുവാൻ വിഷമമുള്ള സ്ഥലത്തു് പോകാതെയിരിക്കുന്ന കമാണ്ടിയറിങ്ങുമാത്രമെ ഉള്ളു. ൨,൦൦൦ ടൺ നെല്ലു് മാത്രമേ കമാണ്ടിയർ വഴി ഗവർമെണ്ടിനു കിട്ടുവാൻ സാധിച്ചുള്ളു. ടിവാൻ മിസ്റ്റർ ഡിക്സൻ ഇവിടെ ചെയ്ത ഒരു പ്രസംഗത്തിൽ കൊച്ചിക്കാക്കു് ആറു മാസക്കാലം സുഭിക്ഷമായി ഉണ്ണുവാനുള്ള നെല്ലു് ഇവിടെ ഉണ്ടെന്നാണു പറഞ്ഞിട്ടുള്ളതു്. കൊച്ചിരാജ്യത്തു ജിവിക്കുന്ന ആളുകൾ മുന്നുനേരം ഭക്ഷണം കഴിക്കുന്നവരാണെങ്കിലും രണ്ടു നേരം തന്നെയെങ്കിലും കഴിക്കുന്നവരായിട്ടെങ്കിലും കണക്കാക്കിട്ടുണ്ടാകണമല്ലോ. അങ്ങിനെ കണക്കാക്കീട്ടു ആറു മാസമെങ്കിലും സുഖമായിട്ടു കഴിയുന്നതിനു്.....

Rao Sahib M. M. Paul *(Director Food Supplies):* The 27,000 tons is the surplus paddy and it is after leaving a large amount of paddy for the consumption of the people to raise it.

മിസ്റ്റർ ജോസഫ് ചിറയത്തു്: ഈ കൺസംപ്ഷൻ എത്രയുണ്ടായിരിക്കുമെന്നു് അറിഞ്ഞാൽ കൊള്ളാം.

Rao Sahib M. M. Paul *(Director of Food Supplies):* At the rate of 1 lb. per adult.

മിസ്റ്റർ ജോസഫ് ചിറയത്തു്: ഇങ്ങിനെയുള്ള ഒരു കമാണ്ടിയർകൊണ്ടു് ഈ രാജ്യത്തു രക്ഷയില്ല. സാധാരണമായി കൊച്ചിരാജ്യത്തിലെ ജനങ്ങൾക്കു് നെല്ലു് വാങ്ങിയാൽ അതു് കുത്തി അരിയാക്കിയെടുക്കുവാൻ നല്ല പരിചയമുണ്ടു്. ആ നെല്ലു് മില്ലിൽകൊടുത്തു് ചീച്ചു് നാശമാക്കി നീട്ടി വലിച്ചു് വേണം കൊടുക്കുവാൻ എന്നുള്ള സംമ്പ്രദായം ശരിയല്ല. നല്ല നെല്ലു്, ഉണക്കി വെടിപ്പാക്കിയ നെല്ലു് ജന്മിക്കു പാട്ടം കൊടുക്കണമെന്നുണ്ടു്. അങ്ങിനെ ഉണക്കി വെടിപ്പാക്കിയ നെല്ലിനു് ഫ. ക. വു. ണ. വില കൊടുത്താലും അതു വാങ്ങി വിതരണം ചെയ്യുന്നതു നല്ലതാണു്. ഇതിനും പുറമെ ഈ മില്ലുകളും അവയിലെ ചൂണ്ണ ഏർപ്പാടുകളും നിറുത്തുന്നകാര്യത്തിൽ ഡയറക്ടർ അവർകളും പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതു് ആവശ്യമാണെന്നാണു് എനിക്കു തോന്നുന്നതു്. ഈ മില്ലുകളിൽ ധാരാളം വാച്ചുമാൻമാരുണ്ടു്. അവരുടെ ഉദ്യോഗം അരി അവിടെനിന്നു പുറത്തേക്കു കൊണ്ടുപോകുന്നതു കണ്ടുകൊണ്ടു നിൽക്കുക മാത്രമാണെന്നാണു് പലരും പറയുന്നതു്. ഇപ്പോൾ ഈ ഡിപ്പാർട്ടുമെണ്ടിലെ ദുഷ്യങ്ങളെ ചൂണ്ടിക്കാണിച്ചാൽ വരുന്ന കൊല്ലമെങ്കിലും കുറെ ദേഭപ്പെടുമെന്നു വിചാരിച്ചാണു് ഇതു പറയുന്നതു്. എനിക്കു് കൊയ്ത്തുകഴിഞ്ഞു പാട്ടക്കാരന്റെ പക്കൽനിന്നു് പത്തൻപതു പറനെല്ലു് കിട്ടുവാനുണ്ടെങ്കിൽ അതു കൊണ്ടുവരുവാനുള്ള പെർമിറ്റിനു് അപേക്ഷ കൊടുത്തു കഴിഞ്ഞാൽ മുമ്പെ എന്റെറേഷൻ കാർഡു് വാങ്ങി വെട്ടിക്കുറക്കും. മകരത്തിലപേക്ഷിച്ചാൽ കർക്കടകത്തിലാണു് പർമിറ്റ് അനുവദിക്കുന്നതു്. അതുവരെക്കും കാർഡു് പ്രകാരം അരി വാങ്ങാമെന്നുവെച്ചാൽ അതിനും നിവൃത്തിയില്ല. ഇത്തരത്തിലുള്ള ഗവൺമെണ്ടിന്റെ ഉദാസീനത കൊണ്ടാണു് ഇവിടെ ബ്ലാക്കു് മാർക്കറ്റ് വളർന്നുവരുവാൻ കാരണമാകുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി ഫെയർ പ്രൈസ് ഷാപ്പുകളുടെ കാര്യം എടുക്കാം. ഇവിടെ ആകെ ൧൦൪ ഫെയർ പ്രൈസ് ഷാപ്പുകളും അതിൽ ൪൦൦-ൽ ചിലപ്പോൾ ഉദ്യോഗസ്ഥന്മാരുമുണ്ട്. ഇതുകൊണ്ടുള്ള ഉപയോഗം ആ ഉദ്യോഗസ്ഥന്മാക്കല്ലാതെ ഗവൺമെൻറിനൊ പൊതുജനങ്ങൾക്കൊ വലിയ ഉപയോഗവുമില്ല. അതുകളുടെ പ്രവർത്തനത്തെപ്പറ്റി പറയുകയാണെങ്കിൽ ഇത്തരം ഷാപ്പുകൾ ആപ്പീസ്സ് മുറക്കാണ് നടത്തുന്നതു്. സാധാരണ ലൈസൻസ് ന്യായവില ഷാപ്പുകൾ കാലത്തു ൬ മണി മുതൽ രാത്രി ൧൧ മണിവരെയും കച്ചവടം ചെയ്യുന്നവരാണ്. പണം കൊടുത്താൽ സാമാനം കൊടുക്കുവാൻ അവർ എപ്പോഴും തയ്യാറായിരിക്കും. ഫെയർ പ്രൈസ്സ് ഷാപ്പുകാക്കുള്ള ടൈം ആഫീസ് ടൈം ആണ്. അവിടെയുള്ളവർ സർക്കാർ ഉദ്യോഗസ്ഥന്മാരായതു കൊണ്ട് അവരെ പ്രത്യേകം ആദരിച്ചു പെരുമാറണം. മറവുള്ള പീടികക്കാരാണെങ്കിൽ നമ്മുടെ ആവശ്യമറിഞ്ഞു ചോദിക്കുന്ന സാമാനങ്ങൾ തരികയും, നമ്മോടു വളരെ സൌഹാർദ്ദത്തോടുകൂടി പെരുമാറുകയുംചെയ്യുന്നു. ഇവിടെയാണെങ്കിൽ ഉദ്യോഗസ്ഥന്മാരായതുകൊണ്ട് അവർ പറയുന്നതനുസരിക്കണം. അവരെ യജമാനനെ എന്നപോലും വിളിക്കണം. ഈ ജാതി ബിസിനസ് നടത്തുന്ന പീടികകൾ നാട്ടുകാരുടെ ഇടയിൽ പാടില്ല. ഞങ്ങൾക്ക് എന്താണാവശ്യമെന്നറിഞ്ഞു് എന്തൊക്കെ വേണ്ടോ അതൊക്കെ തരാനും എന്തു ചെയ്യുവാനും താൽപര്യവും സന്തോഷവുമുള്ള പീടികക്കാർ ഞങ്ങളുടെ നാട്ടിലുണ്ട്. അതുകൊണ്ട് പഞ്ചസാരയും അരിയും വിതരണം ചെയ്യുവാൻ നാട്ടുകാരായ ഷാപ്പുകാരെ ഏല്പിച്ചാൽ മതി. ഈ പഞ്ചസാര, വിതരണം ചെയ്യുവാനായിട്ട് മാത്രമല്ലേ ഇതു വെച്ചിരിക്കുന്നതു്? ഇതിൻറെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് ഈ ഫെയർ പ്രൈസ് ഷാപ്പുകളെല്ലാം ഉടനടി നിർത്തൽചെയ്യണമെന്നും, നാട്ടുകാരായ ഷാപ്പുകാർ ഇല്ലാത്തസ്ഥലങ്ങളിൽ മാത്രം ഈ വിശേഷപ്പെട്ട ഷാപ്പുകൾ ബാക്കിവെച്ചാൽ മതിയെന്നും ആണ് എനിക്കു പറയുവാനുള്ളതു്. ഇങ്ങിനെയുള്ള കാര്യങ്ങൾ ഞാൻ ഇവിടെ പറയുന്നതുകൊണ്ട് ഫൂഡ്സ് മെമ്പറെ ആക്ഷേപിക്കുകയാണെന്നു വിചാരിക്കരുതു്. നികുതി ചുമത്തുന്നതെങ്കിൽ എല്ലാവർക്കും ഒന്നുപോലെ ചുമത്തുക; സത്യത്തിനും നിയമത്തിനും അനുസരിച്ചു് നെല്ലെടുക്കുക; എല്ലാവർക്കും റേഷൻ കിട്ടത്തക്കവണ്ണമാക്കുക. ഇത്ര മാത്രമെ എനിക്കു പറയുവാനുള്ളൂ.

Mr. K. Balakrishna Menon *(Cheruthuruthi):* Mr. President Sir, I want to bring to the notice of the Government one difficulty that the people in the border of the State are undergoing, I particularly refer to places like Arangottukara and Cheruthuruthi and such other places. The House will be pleased to bear in mind that a good number of persons who have got their dwelling on the British side unfortunately have all their properties in the Cochin State.

Mr. A. Eachara Menon *(Chittur-Thattamangalam):* And vice versa also.

Mr. K. Balakrishna Menon *(Cheruthuruthi):* Equally so. I know of many cases in which people having their dwelling houses in the British side and all their properties in Cochin State encounter great diffuulties in this matter of taking paddy from the State to their Houses in the British. And there is also the other difficulty in regard to straw. Yet another difficulty which was brought to my notice during my election campaign is in regard to cattle. In regard to these things, I would suggest to the Hon'ble Member for Food Supplies, that he would kindly see if there are any means by which he could ameliorate the condition of these people. That is all what I have to say.

